പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2402 08.03.2017-ൽ മറുപടിക്ക്**

**നികുതി നഷ്ടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ഹൈടെക് ബസ്സുകൾ വഴി സംസ്ഥാനത്തേക്ക് ചരക്ക് കടത്തുന്നതുമൂലം ഉണ്ടാകുന്ന നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ യാത്രാ വാഹനങ്ങളിൽ സംസ്ഥാനത്തിനകത്തേക്ക് ചരക്കുകൾ കൊണ്ടുവരുന്നത് മോട്ടോർ വാഹന നിയമപ്രകാരം കുറ്റകരമാണ്. ആയതിനാൽ ഇത് നിയമവിരുദ്ധമാണ്. ഇത്തരം കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. പതിവായി പരിശോധനകൾ നടത്തുന്നതിനാൽ ഇപ്രകാരമുള്ള കള്ളക്കടത്ത് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇത്തരം സ്വകാര്യ ബസ്സുകളെ വിൽപന നികുതി ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താതെ, ചെക്ക് പോസ്റ്റ് കടത്തിവിടുന്നത് സർക്കാർ പരിശോധിക്കുമോ; | (ബി) | സ്വകാര്യ യാത്രാ വാഹനങ്ങളിൽ ചരക്കു കടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുവാൻ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും അതിനുപുറമെ ഇന്റലിജൻസ് സ്ക്വാഡുകളും പരിശോധന ശക്തമാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ വിഷയത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലും, മറ്റ് ഇന്റലിജൻസ് സ്ക്വാഡുകളുടെയും പരിശോധന ഈ വിഷയത്തിൽ കൂടുതൽ ഊർജ്ജിതവും കർശനവുമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ